## ഇത് ഗോഗ് – മാഗോഗ് യുദ്ധത്തിനുള്ള തയാറെടുപ്പ്: ജുതായ, ശമരിയ കൗൺസിൽ ഓഫ് റബീസ്

# ഇസ്രായേൽ ഒറ്റപ്പെടുന്നു

ജിബി വർഗീസ് മീനടം

ടെല്അവീവ്: ഗാസയിലെ ഫ്ളോട്ടില സംഭവത്തില് ഇസ്രായേല് അന്താരാഷ്ട്രസമൂഹത്തില്നിന്ന് ഒറ്റപ്പെടുന്നു. ഗാസായിലെ പലസ്തീന് ജനതയ്ക്ക് സഹായസാമഗ്രികളും വഹിച്ചുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളില് നിന്നും വന്ന 'ഫ്ളോട്ടില കപ്പല്വ്യൂഹ'ത്തില് ഇസ്രായേല് പ്രതിരോധസേന റെയ്ഡ് നടത്തിയതും തുടര്ന്നുണ്ടായ സംഘര്ഷത്തില് ടര്ക്കിഷ് കപ്പലായ മിയാമാരായില് ഉണ്ടായിരുന്ന ഒന്പതു പേര് മരിക്കാനിടയായ സംഭവത്തിലും പ്രതിഷേധിച്ചാണ് കഴിഞ്ഞകാലങ്ങളില് പിന്തുണ നല്കിയിരുന്ന പല ലോകരാജ്യങ്ങളും ഇപ്പോള് ഇസ്രായേലിനെ കൈവിടാന് തീരുമാനിച്ചിരിക്കുന്നത്. ഇതിനു പുറമെ ഇസ്രായേലിനെതിരെ ലോകത്തിലെ ജനവികാരം ആളിക്കത്തിക്കാനായി വിവിധ മതതീവ്രവാദസംഘടനകളുടെ നേതൃത്വത്തില് ഇസ്രായേല് വിരുദ്ധ വെബ് സൈറ്റുകളിലൂടെയും മാധ്യമങ്ങളിലൂടെയും പ്രചരണങ്ങളും തുടങ്ങി കഴിഞ്ഞു.

ഹമാസ് തീവ്രവാദികളുടെ നിയന്ത്രണത്തിലുള്ള ഗാസാമുനമ്പ് ലക്ഷ്യമാക്കിയാണ് സഹായസാമഗ്രികളുമായി ഫ്ളോട്ടില കപ്പല്വ്യൂഹങ്ങള് യാത്രചെയ്തിരുന്നത്. അന്താരാഷ്ട്രസമാധാനസമ്മര്ദങ്ങളെ തുടര്ന്ന് ഇസ്രായേല് ഗാസായില് നിന്ന് വര്ഷങ്ങള്ക്ക് മുന്പ് പിന്മാറിയപ്പോഴാണ് ഹമാസ് ഗാസാമുനമ്പിന്റെ നിയന്ത്രണം ഏറ്റെടുത്തത്. ഇതിനെ തുടര്ന്ന് ഇസ്രായേലും ഈജിപ്തും ഗാസയിലേക്കും പുറത്തേക്കുമുള്ള കപ്പല് മാര്ഗത്തിന് ഉപരോധം ഏര്പ്പെടുത്തിയിരുന്നു.

ഇസ്രായേലിനെതിരെ പ്രയോഗിക്കാന് ഹമാസിന് ആയുധനിര്മാണത്തിനുള്ള സാമഗ്രികള് കടല് മാര്ഗം ലഭിക്കുമെന്ന സുരക്ഷാഭീഷണി കണക്കിലെടുത്താണ് അന്നുമുതല് ഉപരോധം ഏര്പ്പെടുത്തിയത്. ഗാസായിലെ സാധാരണ ജനങ്ങള്ക്ക് ഇസ്രായേല് നേതൃത്വത്തില് ആവശ്യസാധനങ്ങളും മറ്റ് സഹായസാമഗ്രികളും നിലവിലും നല്കാറുണ്ട്. ഗാസായിലെ സാധാരണക്കാരായ മനുഷ്യര്ക്ക്

സഹായസാമഗ്രികള് എത്തിക്കാന് യുഎന് നേതൃത്വത്തില് മറ്റ് രാജ്യങ്ങള്ക്ക് അനുവാദം നല്കിയിട്ടുണ്ടെങ്കിലും ഇസ്രായേല് മേല്നോട്ടത്തിലാകണമെന്നാണ് ചട്ടം. ജീവകാരുണ്യ സാധനസാമഗ്രികളുടെ മറവില് ഇസ്രായേലിനെതിരെ പ്രയോഗിക്കാന് ഹമാസിന് ആയുധനിര്മാണത്തിനുള്ള സാമഗ്രികള് ലഭിക്കുന്നില്ലെന്ന് ഉറപ്പാക്കാനാണ് ഇസ്രായേല് സേന പരിശോധന നടത്തുന്നത്. എന്നാല് ഗാസായിലേക്കുള്ള സഹായസഹകരണങ്ങള് ഇസ്രായേല് തടയുകയാണെന്ന് വരുത്തിതീര്ക്കാന് ഹമാസ് പലപ്പോഴും ഇവ തിരസ്കരിച്ചിരുന്നുവെന്നതാണ് മറ്റൊരു സത്യം.

ഗാസാ തുറമുഖത്തേക്ക് അടുത്തുകൊണ്ടിരുന്ന ടര്ക്കിഷ് കപ്പലായ മിയാമാരായില് സഹായസാമഗ്രികളുടെ മറവില് ആയുധം കടത്താനിടയുണ്ടെന്ന ഇന്റലിജന്റസ് റിപ്പോര്ട്ടിന്റെ അടിസ്ഥാനത്തിലും നാളുകളായി നിലനില്ക്കുന്ന ഉപരോധത്തിന്റെ ഭാഗമായുമാണ് ഇസ്രായേലി സേന കപ്പല് റെയ്ഡ് ചെയ്യാനാരംഭിച്ചത്. തുടര്ന്ന് കപ്പലിലേക്ക് പരിശോധനയ്ക്കായി ചെന്ന ഇസ്രായേല് സേനാംഗങ്ങള്ക്ക് നേരെ കപ്പലില് ഉണ്ടായിരുന്ന സമാധാനപ്രവര്ത്തകര് പലരും അക്രമാസ് ക്തരാകുകയായിരുന്നു. പരിശോധനയ്ക്കായി കപ്പലിലേക്ക് ഇറങ്ങിയ ഇസ്രായേലി സേനാംഗങ്ങളെ ആയുധധാരികളായ സമാധാനപ്രവര്ത്തകര് ആദ്യം അക്രമിച്ചുവെന്നതിന് വ്യക്തമായ തെളിവുകളുമുണ്ട്.

ആക്രമണത്തിനെതിരെ ഇസ്രായേല് സേന നടത്തിയ പ്രതിരോധശ്രമങ്ങള്ക്കിടയാണ് ഒന്പത് അക്രമാസക്തരായ സമാധാനപ്രവര്ത്തകര് കൊല്ലപ്പെട്ടത്. എന്നാല് ഈ വസ് തുത പല അന്താരാഷ്ട്രമാധ്യമങ്ങളും മനപൂര്വം മറച്ചുവച്ചിരിക്കുകയാണെന്ന് ഇസ്രായേല് വെളിപ്പെടുത്തുന്നു . ഫ്ളോട്ടില സംഭവം പെരുപ്പിച്ചുകാട്ടുന്ന ഭൂരിപക്ഷം മാധ്യമങ്ങളും അന്താരാഷ്ട്രസമൂഹങ്ങളും ഇസ്ലാമിക തീവ്രവാദികളുടെ നേതൃത്വത്തില് ആഫ്രിക്കയിലും ഇന്ത്യയിലും പാക്കിസ്ഥാനിലും അടക്കം പല ലോകരാജ്യങ്ങളിലും നടക്കുന്ന സംഭവങ്ങള്ക്ക് പിന്നാലെ പോകാത്തെന്താണെന്നും ഇസ്രായേലിന്റെ പ്രതിരോധനടപടിയെ അനുകൂലിക്കുന്നവര് ചിലര് ചോദിക്കുന്നു.

ശത്രുപക്ഷത്തിന്റെ നിയന്ത്രണത്തിലിരിക്കുന്ന പ്രദേശത്തിലേക്കുള്ള കപ്പല്മാര്ഗം വേണമെങ്കില് തടയാനും പരിശോധന നടത്താനും അന്താരാഷ്ട്ര നിയമങ്ങള് പ്രകാരം ഓരോ രാജ്യങ്ങള്ക്കും അനുവാദമുണ്ടെന്നിരിക്കെ ഹമാസ് നിയന്ത്രണത്തിലുള്ള പ്രദേശത്തേക്ക് ഇസ്രായേല് ഉപരോധം അതിക്രമിച്ച് കയറാന് ശ്രമിച്ച ഫ്ളോട്ടില കപ്പലുകള് അന്താരാഷ്ട്രനിയമപ്രകാരം തടഞ്ഞതിലും പരിശോധിച്ചതിലും തെറ്റില്ലെന്നായിരുന്നു സംഭവത്തെ പറ്റിയുള്ള അമേരിക്കന് വൈസ് പ്രസിഡന്റ് ജോ ബൈഡന്റെ പ്രതികരണം. സമാധാനസഹായസാമഗ്രികളുടെ മറവില് ശത്രുപക്ഷത്തേക്ക് ആയുധകള്ളക്കടത്ത് നടത്തുന്നുണ്ടോയെന്ന് പരിശോധിച്ചതില് ഇസ്രായേലിനെ കുറ്റപ്പെടുത്താനാവില്ലെന്നും ജോ ബൈഡന് അഭിപ്രായപ്പെട്ടു.

ഫ്ളോട്ടില സംഭവത്തില് ഇസ്രായേലിന്റെ നടപടിയെ അപലപിച്ച പലരാജ്യങ്ങളും യുഎന് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അന്താരാഷ്ട്രസമൂഹങ്ങളുടെ എതിര്പ്പിനിടയിലും അമേരിക്കന് വൈസ്പ്രസിഡന്റിന്റെ അനുകൂല പ്രസ്താവന തെല്ലൊരു ആശ്വാസമായി ഇസ്രായേല് കരുതുന്നു. യുഎന് അന്വേഷണം നടത്തിയാല് പ്രതിരോധമായി ഇസ്രായേല് ഇറക്കുന്ന തുറുപ്പു ചീട്ടും ജോ ബൈഡന്റെ പ്രസ് താവനയും ഈ അന്താരാഷ്ട്ര നിയമവും അടിസ്ഥാനപ്പെടുത്തിയാവും.

ഗാസയിലേക്ക് സഹായസാമഗ്രികളുമായ വന്ന മിയാമാരാ എന്ന ടര്ക്കിഷ് കപ്പലില് അല്ക്വയദ സാന്നിധ്യമുണ്ടായിരുന്നുവെന്ന ആരോപണവും നിലവിലുണ്ട്. മിയാമാരാ കപ്പലില് പരിശോധന നടത്തുന്നതിനിടെ ഇസ്രായേല് സേനാംഗങ്ങളെ ആക്രമിച്ചവരില് പലരും അല്ക്വയ്ദയുമായി ബന്ധപ്പെട്ടവരാണെന്നാണ് റിപ്പോര്ട്ട്. മിയാമാരയില് നിന്നും അറസ്റ്റ് ചെയ്യപ്പെട്ട നാല്പതോളം പേര്ക്ക് തിരിച്ചറിയില് രേഖകള് ഉണ് ടായിരുന്നില്ലെന്ന് ഇസ്രായേലി സുരക്ഷാ വൃത്തങ്ങള് അറിയിച്ചു. കൂടാതെ ഇവരെല്ലാം ബുള്ളറ്റ് പ്രൂഫ് വസ്ത്രങ്ങള് ധരിച്ചിരുന്നതായും ആയുധധാരികളായിരുന്നുവെന്നും എല്ലാവരുടേയും കൈവശം ഒരേ അളവില് പണം സൂക്ഷിച്ചിരുന്നതായും റിപ്പോര്ട്ടുണ് ട്. അറസ്റ്റിനെ തുടര്ന്ന് കൂടുതല് ചോദ്യം ചെയ്യലിന് വിധേയമാക്കിയപ്പോഴാണ് മിയാമാരയിലുണ്ടായിരുന്ന പലരുടേയും അല്ക്വയദ ബന്ധം പുറത്തുവന്നതെന്നും ഇസ്രായേല് സുരക്ഷാ വൃത്തങ്ങള് വെളിപ്പെടുത്തി.

ഗാസാമുനമ്പിലേക്ക് സഹായസമാഗ്രികളും വഹിച്ചുകൊണ്ട് വന്ന ഫ്ളോട്ടില കപ്പല് വ്യൂഹങ്ങള് തടയുന്ന നടപടികള് ഇസ്രായേല് ഇനിയും തുടര്ന്നാല് മേഖലയിലെ സയണിസ്റ്റ് സാന്നിധ്യം തുടച്ചുനീക്കുമെന്ന് ഇറാന് പ്രസിഡന്റ് അഹമ്മദി നെജാദ് മുന്നറിയിപ്പ് നല്കി. ഫ്ളോട്ടില മാതൃകയില് ഗാസായിലേക്ക് ജീവകാരുണ്യ സഹായസാമഗ്രികള് വഹിച്ചുകൊണ്ടുള്ള കപ്പലുകള് അയക്കുമെന്ന് ഇറാന് റെഡ് ക്രസന്റ് അറിയിച്ചിട്ടുണ്ട്. റെഡ് ക്രസന്റ് അയക്കുന്ന കപ്പലിനെ ഇസ്രായേല് തടയാതിരിക്കാന് വേണ്ടിവന്നാല് ഇറാന് റവലുഷ്യനറി ആര്മി സംരക്ഷണം നല് കുമെന്നും നെജാദ് പ്രസ്താവനയില് അറിയിച്ചു. ഇത്തരത്തില് ഇറാന് നീക്കം തുടര്ന്നാല് പ്രദേശത്ത് വരും ദിവസങ്ങളില് സംഘര്ഷമുണ്ടാവുമെന്ന കാര്യത്തില് രണ്ടുപക്ഷമില്ല.

ഗോഗ്- മാഗോഗ് യുദ്ധത്തിനുള്ള തയ്യാറെടുപ്പായി വേണം ഫ്ളോട്ടില സംഭവത്തെ കരുതാനെന്നായിരുന്നു ജുതായ, ശമരിയ ക ൗണ്സില് ഓഫ് റാബീസിന്റെ പ്രതികരണം. ഫ്ളോട്ടില സംഭവത്തിന് ശേഷം ഇസ്രായേലിനെ ഒറ്റപ്പെടുത്തികൊണ്ടുള്ള ലോകരാജ്യങ്ങളുടെ പ്രതികരണങ്ങളെല്ലാം കൂട്ടിവായിക്കുമ്പോള് മൂന്നാമത്തെയും അവസാനത്തെതുമായ മഹായുദ്ധം അടുത്തെത്തികഴിഞ്ഞുവെന്ന് വേണം ധരിക്കാനെന്നും അവര് അഭിപ്രായപ്പെടുന്നു. ലോകരാജ്യങ്ങള് ഇസ്രായേലിനെ ഒറ്റപ്പെടുത്തുന്നതില് ആശ്ചര്യപ്പെടാനൊന്നുമില്ലെന്നും , അന്ത്യകാലത്ത് ലോകരാജ്യങ്ങളെ മുഴുവന് ഇസ്രായേലിനെതിരാക്കുമെന്ന ബൈബിളിലെ പ്രവചന നിവര്ത്തിയിലേക്കാണ് കാര്യങ്ങള് നീങ്ങുന്നതെന്നും റാബീസ് ക ൗണ്സില് കൂട്ടിചേര്ത്തു. ബെത് ഇലിലെ റാബി സല്മാന് മെലാമെദിന്റെ അധ്യക്ഷതയില് ചേര്ന്ന ജൂതായ , ശമരിയ ക ൗണ്സില് ഓഫ് റാബീസ് യോഗത്തില് ഇസ്രായേല് സൈനീകര്ക്ക് വേണ്ടി പ്രത്യേക പ്രാര്ഥനയും നടത്തുകയുണ്ടായി.

മാഗോഗിലെ ഭരണകര്ത്താവായ ഗോഗിന്റെ നേതൃത്വത്തില് റോഷ്, മേഷക്ക്, തൂബാല് എന്നിവര് മുന്പന്തിയില് നിന്ന് പേര്ഷ്യ അഥവാ ഇറാന്, കൂശ്, പൂത്ത്, ഗോമര് ബെത്ത് തോഗര്മാ തുടങ്ങിയവര് അണിനിരത്തുന്ന ഗോഗ് മാഗോഗ് മഹാസൈന്യം ഇസ്രായേലിനെതിരെ യുദ്ധം നടത്തുമെന്നും ആ യുദ്ധത്തില് യഹൂദന് കാത്തിരിക്കുന്ന രാജാവായ മശിഹ ഇടപെട്ട് ഇസ്രായേലിന് ജയം നല്കുമെന്നും തുടര്ന്ന് യഹൂദജനം

മുഴുവന് ആ മശിഹയിലേക്ക് തിരിഞ്ഞ് ദൈവത്തിന് മഹത്വം നല്കുമെന്നുമാണ് യെഹസ്കിയേല് പ്രവചനപ്രകാരമുള്ള യഹൂദപ്രമാണം. എന്നാല് ആ മശിഹാ, ലോകത്തിലെ വീണ്ടും ജനനം പ്രാപിച്ച ക്രൈസ്തവരും അതേ അനുഭവമുള്ള മശിഹാനിക്ക് ജൂതരും വിശ്വസിക്കുന്ന യേശുക്രിസ്തുവാണെന്ന് ഇതുവരെയും ഭൂരിപക്ഷം യഹൂദരും അംഗീകരിച്ചിട്ടില്ല. ഗോഗ് മാഗോഗ് യുദ്ധത്തില് യിസ്രായേലിന് ജയം നേടി തരുന്ന മശിഹ യഥാര്ഥത്തില് ക്രൈസ്തവര് ഇന്ന് പ്രസംഗിക്കുന്ന യേശുവാണെന്ന് അന്ന് യഹൂദര് തിരിച്ചറിയുമെന്നാണ് ക്രൈസ്തവ വിശ്വാസം.